**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **02-02-2026 - ൽ മറുപടിയ്ക്ക്**

**പൈപ്പ് പൊട്ടൽ മൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിതരണത്തിന് സ്ഥാപിച്ചിട്ടുള്ള ചെറുതും വലുതുമായ പൈപ്പുകൾ പൊട്ടുന്നതുമൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കൽ എത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non - Revenue Water) കണക്കാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 35% - 40% ത്തോളം ആണെന്ന് കണക്കാക്കപ്പെടുന്നു.<br><br>അതോറിറ്റിയെ സംബന്ധിച്ച് ഭൗതിക നഷ്ടവും, വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ഇതിൽ പൈപ്പുകളിലൂടെ ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ മൂലമുള്ള നഷ്ടവും (വാണിജ്യനഷ്ടം) ഉൾപ്പെടുന്നു.<br><br>എങ്കിലും ഉല്പാദിപ്പിക്കുന്ന ജലത്തിൽ 20% മുതൽ 25% ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പ്രാഥമികമായി വിലയിരുത്തപ്പെടുന്നത്. |
| (ബി) | ഇത്തരത്തിൽ പൈപ്പ് പൊട്ടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | പൈപ്പുകൾ പൊട്ടുന്നതിന് പിന്നിൽ പ്രധാനമായും പല ഘടകങ്ങളാണുള്ളത്. പൈപ്പുകളുടെ കാലപ്പഴക്കം അവയുടെ ബലം കുറയ്ക്കുകയും സ്വാഭാവികമായി പൊട്ടാൻ കാരണമാവുകയും ചെയ്യുന്നു. പമ്പിംഗ് നടത്തുമ്പോൾ ജലത്തിന്റെ മർദ്ദത്തിലുണ്ടാകുന്ന പെട്ടെന്നുള്ള വ്യതിയാനങ്ങൾ പൈപ്പുകളിൽ വിള്ളലുണ്ടാക്കാൻ കാരണമാകുന്നു. പൈപ്പിന് മുകളിലുള്ള മണ്ണ് നീങ്ങുന്നതും മണ്ണിന് ഉണ്ടാകുന്ന സമ്മർദ്ദവും പൈപ്പുകൾ പൊട്ടാൻ ഇടയാക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, പൈപ്പ് ലൈനുകൾക്ക് (ആസ്ബസ്റ്റോസ് കോൺക്രീറ്റ് പൈപ്പ്) സമീപം നിൽക്കുന്ന വൃക്ഷങ്ങളുടെ വേരുകൾ ഈർപ്പം തേടി പൈപ്പുകൾക്കുള്ളിലേക്ക് കടന്നുകയറുന്നതും അവ വികസിച്ച് പൈപ്പ് പൊട്ടുന്നതിനും കാരണമാകുന്നു. |
| (സി) | കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കാലഹരണപ്പെട്ട പൈപ്പുകളാണ് പ്രധാനമായും ചോർച്ചയുണ്ടാക്കുന്നത്. ഈ പൈപ്പുകൾ സ്റ്റേറ്റ് പ്ലാൻ, എ.ഡി.ബി., ജൽ ജീവൻ മിഷൻ, അമൃത് (2), കിഫ്ബി, റീ ബിൽഡ് കേരള, നബാർഡ്, വരൾച്ച ദുരിതാശ്വാസ പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പദ്ധതികൾ തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ